**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3135** **11-03-2025 - ൽ മറുപടിയ്ക്ക്**

**കോതിപ്പാലം- ചക്കുംകടവ്-പന്നിയങ്കര ഫ്ലൈഓവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ടിപ്പ് പദ്ധതിയിൽപ്പെട്ട കോതിപ്പാലം-ചക്കുംകടവ്-പന്നിയങ്കര ഫ്ലൈഓവർ പ്രവൃത്തിയുടെ ഇതുവരെ പൂർത്തീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | 13.03.2024 -ലെ സർക്കാർ ഉത്തരവ് G.O.(MS) No.17/2024/PWD പ്രകാരം കോഴിക്കോട് നഗര പാത വികസന പദ്ധതി ഘട്ടം 2 -ന് 1312.679 കോടി രൂപയുടെ ഭരണാനുമതി തത്ത്വത്തിൽ നൽകിയിട്ടുണ്ട്. (ഭൂമിയേറ്റെടുക്കൽ ചെലവ് - 720.39 കോടി, നിർമ്മാണ ചെലവ് - 592.281 കോടി). പ്രസ്തുത പദ്ധതിയുടെ ക്ലസ്റ്റർ 1-ൽ ഉൾപ്പെട്ട റോഡാണ് കോതിപാലം - ചക്കുകടവ് - പന്നിയങ്കര ഫ്ലൈഓവർ - 0.621 കി.മീ. പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനായി അർത്ഥന നൽകുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കുന്നതിനായി എഫ്.എം.ബി. Superimpose ചെയ്യുന്നതിന് കരാർ നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ അർത്ഥന കാലതാമസം കൂടാതെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പൂർത്തിയായിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിയുടെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ